"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-എഞ്ചിനീയറിങ് വിഭാഗം- പാലക്കാട് ജില്ല- ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ഉദ്യോഗസ്ഥർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.858/2026/LSGD തീയതി,തിരുവനന്തപുരം, 04-04-2026

---

പരാമർശം:-

1. വിജിലൻസ് (D)വകുപ്പിൽ നിന്നുള്ള 30.04.2019-ലെ വിജി-D1/282/2019-വിജി നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 21.03.19-ലെ E12(SC 35/2018/PKD)4118/19 നമ്പർ റിപ്പോർട്ട്.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05-12-2024-ലെ LSGD/PD/33382/2023-VIGD1 നമ്പർ റിപ്പോർട്ട്.
4. 21.01.25-ലെ EW4/91/2019-LSGDനമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.
5. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി ആർ. 25.02.25-ലും, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രസാദ് വി.എസ്. 14.03.2025-ലും, ഓവർസിയർ ശ്രീ. ഷെരിഫ് എസ് 05.03.25-ലും സമർപ്പിച്ച എതിർവാദ പത്രികകൾ.
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01-09-2025-ലെ LSGD/PD/33382/2023-VIGD1 നമ്പർ അഭിപ്രായ റിപ്പോർട്ട്.

**ഉത്തരവ്**

പാലക്കാട് ജില്ല ചെർപ്പുളശ്ശേരി മുനിസിപ്പൽ ഓഫീസിൽ വിജിലൻസ് പാലക്കാട് യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ 2000 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള

ഹോട്ടൽ ഗായത്രി എന്ന കെട്ടിടത്തിന് മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് എന്നിവ നിർമ്മിക്കാതെ തന്നെ ഒക്യുപൻസി അനുവദിച്ചതായി വിജിലൻസ് കണ്ടെത്തുകയും മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ചെർപ്പുളശേരി നഗരസഭയിലെ ഓവർസിയർ ശ്രീ.ഷെരിഫ് എസ്., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി ആർ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രസാദ് വി.എസ്. എന്നിവരാണെന്ന പരാമർശം (3) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ **KCS (CC&A) Rules 1960-യിലെ റൂൾ 16 പ്രകാരം പരാമർശം (4)** കുറ്റപത്രവും/പത്രികയും നൽകിയിരുന്നു.

2. **കുറ്റപത്രത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി ആർ. സമർപ്പിച്ച എതിർ വാദപത്രികയിൽ** നിലവിൽ ഹോട്ടൽ ഗായത്രിയിൽ മഴവെള്ള സംഭരണി സംവിധാനം, സോളാർ പ്ലാന്റ് എന്നിവ പ്രവർത്തന സജ്ജമാണെന്നും ഓവർസിയർ ശ്രീ. ഷെരിഫ് എസ്. തയ്യാറാക്കിയ റിപ്പോർട്ടിൽ 8 മഴവെള്ള സംഭരണി സംവിധാനം ഏർപ്പെടുത്തിയതായി കാണിച്ചിട്ടുണ്ടെന്നും ഓവർസിയർ ശ്രീ. ഷെരിഫ് എസ്. തയ്യാറാക്കിയ റിപ്പോർട്ട് വെരിഫൈ ചെയ്തതിനു താഴെ ഫയൽ കറക്റ്റ് ചെയ്ത് സമർപ്പിക്കണം എന്ന് വിപ്പോർട്ട് എഴുതി ഒപ്പ്, സീൽ സഹിതം ഫയൽ മടക്കി നൽകിയിട്ടുണ്ടെന്നും ഒക്യൂപൻസി നൽകുന്നതിനായി ശിപാർശ ചെയ്യുകയൊ, പ്ലാൻ വെരിഫൈ ചെയ്യുകയോ ഒപ്പ് വയ്ക്കുകയോ ചെയ്തിരുന്നില്ല എന്നും ഓവർസിയർ തയ്യാറാക്കിയ റിപ്പോർട്ട് വിശദമായി പരിശോധിക്കുന്നതിനുള്ള സമയക്കുറവ് മൂലമാണ് സോളാർ പ്ലാന്റ് വിട്ടുപോയത് ശ്രദ്ധയിൽ പെടാതിരുന്നതെന്നും സ്ഥാനക്കയറ്റം ലഭിച്ച തുടക്കക്കാരി എന്ന നിലയിലും മേൽ പരാമർശിച്ച കാര്യങ്ങളും പരിഗണിച്ച് വകുപ്പുതല നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൾ അറിയിച്ചു.

**അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രസാദ് വി.എസ്. സമർപ്പിച്ച എതിർവാദപത്രികയിൽ** ഭിന്നശേഷിക്കാരനായ ടിയാൻ ചെർപ്പുളശ്ശേരി നഗരസഭയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ തൊട്ടടുത്തുള്ള ഷൊർണ്ണൂർ നഗരസഭയുടെ അധിക ചുമതല ഏറ്റെടുക്കേണ്ടി വന്നുവെന്നും രണ്ട് നഗരസഭകളിൽ നിന്നുള്ള സമ്മർദ്ദവും പദ്ധതി പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കേണ്ടിവന്നതിനാലുമാണ് കെട്ടിടനിർമ്മാണഅനുമതി, ഒക്യുപൻസി അപേക്ഷകൾ തീർപ്പാക്കാൻ വൈകിയിട്ടുള്ളതെന്നും സാമ്പത്തികവർഷം പൂർത്തിയായശേഷം അപാകതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും കെട്ടിടനിർമ്മാണഅനുമതി, ഒക്യുപൻസി അപേക്ഷകൾ വൈകിപ്പിക്കാതെ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ടിയാൻ അറിയിച്ചു.

**ഓവർസിയർ ശ്രീ. ഷെരീഫ് എസ്. സമർപ്പിച്ച എതിർവാദപത്രികയിൽ** വെള്ളിമോഴി ഗ്രാമപഞ്ചായത്തിൽ രണ്ടാം തരം ഓവർസിയറായി ജോലി നോക്കിയ 2017 വർഷത്തിൽ ചേർപ്പുളശ്ശേരി നഗരസഭയിലെ additional charge കൂടി ഉണ്ടായിരുന്നുവെന്നും ശ്രീ. കെ.റ്റി. മനോജ്കുമാർ, 2301.99 $m^2$ നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപൻസിക്കാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും അപേക്ഷ ലഭിച്ചപ്രകാരം സ്ഥല പരിശോധന നടത്തി കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ള കെട്ടിട അളവുകൾ setbacks, കവറേജ്, FAR, സാനിറ്റേൻ സൗകര്യങ്ങൾ, പാർക്കിംഗ് ഏരിയ എന്നിവയെല്ലാം പരിശോധിച്ച് ആയതെല്ലാം നിയമവിധേയമാണ് എന്ന് ബോധ്യപ്പെട്ടിരുന്നുവെന്നും മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് പരിശോധന സമയത്ത് കണ്ട് ബോധ്യപ്പെട്ടിരുന്നുവെന്നും ന ഗരസഭകളിലെ 300 $m^2$ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഒക്യുപെൻസി എന്നിവ ശിപാർശ ചെയ്യാനെ അധികാരമുള്ളുവെന്നും പരിശോധന റിപ്പോർട്ടിൽ കെട്ടിടത്തിന് ഒക്യുപൻസി ശിപാർശ ചെയ്തിരുന്നില്ലായെന്നും ഒക്യുപൻസിക്ക് വേണ്ടി സമർപ്പിച്ച കംപ്ലീഷൻ പ്ലാനിലും ശിപാർശ ചെയ്യുകയോ ഒപ്പ് ഇടുകയോ ചെയ്തിട്ടില്ലായെന്നും കെട്ടിടത്തിന് structure Stability സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് സൂചിപ്പിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ടിയാൻ അറിയിച്ചു.

**3.** കുറ്റാരോപിതർ സമർപ്പിച്ച എതിർവാദപത്രികയിൻമേൽ പരാമർശം (6) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിൽ, മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് എന്നിവ നിർമ്മിക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റിനായി നല്കിയ അപേക്ഷയിൽ സ്ഥലപരിശോധന നടത്തി ഹോട്ടൽ ഗായത്രിയ്ക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കാമെന്ന് ഓവർസിയർ ശിപാർശ ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി ഫയലിൽ വെരിഫൈ ചെയ്തിട്ടുണ്ടെന്നും ടിയാൾ നോട്ട്ഫയലിൽ വെരിഫൈ ചെയ്തിട്ടുണ്ട് എന്നുള്ളതിനാൽ, ആരോപണത്തിന്മേലുള്ള ശ്രീമതി രമാദേവിയുടെ വിശദികരണം സോളാർ പ്ലാന്റിന്റെ കാര്യത്തിൽ തൃപ്തികരമല്ലെന്നും മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് എന്നിവ നിർമ്മിക്കാതെ ഹോട്ടൽ ഗായത്രിക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റിനായി നല്കിയ അപേക്ഷയിൽ സ്ഥലപരിശോധന റിപ്പോർട്ടിൽ ക്രമ നമ്പർ 8 പ്രകാരം Rain water Collection system one provided as per Rule 102 എന്ന് ഓവർസിയർ ശ്രീ. ഷെരീഫ് എസ്. രേഖപ്പെടുത്തി കാണുന്നുള്ളതിനാലും സോളാർ പ്ലാന്റ് സംബന്ധിച്ച് ടിയാന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല എന്നുള്ളതിനാലും ഓവർസിയർ

ശ്രീ.ഷെരീഫ് എസ്.-ന്റെ വിശദീകരണം തൃപ്തികരമല്ലെന്നും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. പ്രസാദ് വി.എസ്. ചെർപ്പുളശേരി നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീറായിരുന്ന കാലയളവിലെ ബിൽഡിങ്ങ് പെർമിറ്റ്, ഒക്യുപെൻസി അപേക്ഷ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായും, രജിസ്റ്ററിലെ ചില കോളങ്ങൾ അപൂർണ്ണമായി കാണപ്പെടുന്നതായും ടിയാന്റെ വിശദീകരണം തൃപ്തികരമല്ലെന്നും അറിയിച്ചിരുന്നു.

4. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക, കുറ്റാരോപിതർ സമർപ്പിച്ച എതിർവാദപത്രികയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് എന്നിവ നിർമ്മിക്കാതെ തന്നെ ഒക്യുപൻസി അനുവദിച്ചു എന്നീ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി ആർ., ഓവർസിയർ ശ്രീ. ഷെരിഫ് എസ്. എന്നിവർക്കെതിരായ ആരോപണങ്ങളെ ഖണ്ഡിക്കുന്നതിനുള്ള വാദങ്ങളൊന്നും ടിയാൾക്കാർ ഉന്നയിച്ചിട്ടില്ല. മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് എന്നിവ നിർമ്മിക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റിനായി നല്കിയ അപേക്ഷയിൽ സ്ഥലപരിശോധന നടത്തി ഹോട്ടൽ ഗായത്രിയ്ക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കാമെന്ന് ഓവർസിയർ ശ്രീ. ഷെരിഫ് എസ്. ശുപാർശ ചെയ്തത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി എന്നവർ ഫയലിൽ വെരിഫൈ ചെയ്തിട്ടുണ്ട്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവിയുടെ വിശദീകരണം സോളാർ പ്ലാന്റിന്റെ കാര്യത്തിൽ തൃപ്തികരമല്ല. മഴവെള്ള സംഭരണി, സോളാർ പ്ലാന്റ് എന്നിവ നിർമ്മിക്കാതെ ഹോട്ടൽ ഗായത്രിക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റിനായി നല്കിയ അപേക്ഷയിൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ടിൽ ക്രമ നമ്പർ 8 പ്രകാരം Rain water Collection system one provided as per Rule 102 എന്ന് ഓവർസിയർ ശ്രീ. ഷെരീഫ് എസ്. രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സോളാർ പ്ലാന്റ് സംബന്ധിച്ച് ടിയാന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല എന്നുള്ള വാദം തൃപ്തികരമല്ല. ആരോപണ വിഷയത്തിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി കാണാം. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. പ്രസാദ് വി.എസ്. ചെർപ്പുളശേരി നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീറായിരുന്ന കാലയളവിലെ ബിൽഡിങ്ങ് പെർമിറ്റ്, ഒക്യുപൻസി അപേക്ഷ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചില അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായും, രജിസ്റ്ററിലെ ചില കോളങ്ങൾ അപൂർണ്ണമായി കാണപ്പെടുന്നതിനാലും

ടിയാളുടെ വിശദീകരണം തൃപ്തികരമല്ല. മേൽ സാഹചര്യത്തിൽ, ചെർപ്പുളശ്ശേരി മുനിസിപ്പൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ **അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രമാദേവി ആർ., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പ്രസാദ് വി.എസ്., ഓവർസിയർ ശ്രീ. ഷെരിഫ് എസ്. എന്നിവർക്കെതിരെ** KCS(CC&A) Rules 1960-യിലെ റൂൾ 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ കുറ്റാരോപിതരുടെ വിശദീകരണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ അതേ ചട്ടങ്ങളിലെ **ചട്ടം 11 (1)(iii) പ്രകാരം ടിയാളുകളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്ന ശിക്ഷ നല്കി** അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

C M AJAYA MOHAN

സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി രമാദേവി ആർ. (PEN:392340), അസിസ്റ്റന്റ് എഞ്ചിനീയർ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി
2. ശ്രീ. പ്രസാദ് വി.എസ്. (PEN:604610), അസിസ്റ്റന്റ് എഞ്ചിനീയർ അങ്കമാലി മുനിസിപ്പാലിറ്റി
3. ശ്രീ. ഷെരിഫ് എസ്. (PEN:399952), ഓവർസിയർ, പാലക്കാട് മുനിസിപ്പാലിറ്റി

   **(1,2,3 തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവ്വ പ്രകാരമുള്ള അടിയന്തര അനന്തര നടപടിയ്ക്കായി)**
5. വിജിലൻസ് (F) വകുപ്പ്
6. വിജിലൻസ് ഡയറക്ടർ, തിരുവനന്തപുരം
7. തദ്ദേശ സ്വയം ഭരണ(EWB) വകുപ്പ് **(DPC List സംബന്ധിച്ച നടപടിയ്ക്കായി)**
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
9. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 04-04-2026 16:09:49

സെക്ഷൻ ഓഫീസർ